"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - തൃശ്ശൂർ വികസന അതോറിറ്റിയിൽ നിന്നും തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്കുള്ള ജീവനക്കാരുടെ ആഗിരണം - ശ്രീമതി.ഷീജാ ജോർജ്ജ് ഫയൽ ചെയ്ത OA നം.879/21 -ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05/08/2021-ലെ ഉത്തരവ് പാലിച്ചുകൊണ്ട് ഉത്തരവാകുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1345/2022/LSGD തീയതി,തിരുവനന്തപുരം, 30-05-2022

---

പരാമർശം:-

1. ശ്രീമതി.ഷീജാ ജോർജ്ജ്, ഒന്നാം തരം ഓവർസിയർ സമർപ്പിച്ച 08.04.2021-ലെ നിവേദനം.
2. OA നം.879/2021 -ലെ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05/08/2021-ലെ ഉത്തരവ്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 24.01.2022, 27.01.2022 തീയതികളിലെ ഇ1/5115/15/സി.ഇ./തസ്വഭവ നം. കത്ത്.

**<u>ഉത്തരവ്</u>**

10.03.2017 ലെ സ.ഉ(എം.എസ്)നം.54/2017/തസ്വഭവ ഉത്തരവ് പ്രകാരം കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, വള്ളുവനാട് വികസന അതോറിറ്റികൾ നിർത്തലാക്കുകയും, തുടർന്ന് 30.03.2017ലെ സ.ഉ(എം.എസ്)നം.73/2017/തസ്വഭവ പ്രകാരം പ്രസ്തുത അതോറിറ്റികളിലെ സാങ്കേതിക വിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് സർവ്വീസിൽ ലയിപ്പിക്കുകയുമുണ്ടായി. ടി ജീവനക്കാരെ ഒരു പ്രത്യേക ആസൂത്രണ വിഭാഗം രൂപീകരിച്ച് അതിൽ ഉൾകൊള്ളിക്കുവാനും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. അതിൻപ്രകാരം തൃശ്ശൂർ വികസന അതോറിറ്റിയിൽ നിന്നും 4 സാങ്കേതിക വിഭാഗം ജീവനക്കാർ ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിലെ സെക്രട്ടറിയ്ക്ക് മുമ്പാകെ റിപ്പോർട്ട് ചെയ്തു. ടി വികസന അതോറിറ്റികളിലെ ആസ്തി-ബാധ്യതകൾ അതാത് തദ്ദേശസ്ഥാപന മേധാവികൾക്ക് കൈമാറിയതിനാൽ ടി ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അതാത് കോർപ്പറേഷനുകളിൽ നിന്നും നൽകി വരുന്നുണ്ട് എന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

തൃശ്ശൂർ വികസന അതോറിറ്റിയിലെ ജീവനക്കാരെ തദ്ദേശ സ്വയംഭരണ വകുപ്പിൽ ലയിപ്പിക്കുന്ന കാര്യത്തിൽ നടപടി വൈകുന്നു എന്നു കാണിച്ച് ശ്രീമതി.ഷീജാ ജോർജ്ജ്, ഒന്നാം തരം ഓവർസിയർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ 879/21 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി. ആയതിലെ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2 ഉത്തരവ് പ്രകാരം, പരാതിക്കാരി സമർപ്പിച്ച പരാമർശം 1 -ലെ Annexure A6 അപേക്ഷ മേൽ Ist respondent ആയ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി 3 മാസത്തിനകം തീരുമാനം എടുക്കണം എന്ന് ഉത്തരവായിരുന്നു.

2017 മാർച്ച് 30-ാം തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം തൃശ്ശൂർ വികസന അതോറിറ്റി പിരിച്ചു വിട്ടുകയും അതോറിറ്റിയിലെ ജീവനക്കാരിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരെ LSGD എഞ്ചിനീയറിംഗ് വിഭാഗത്തിൽ ലയിപ്പിച്ചതിന്റെയും അടിസ്ഥാനത്തിൽ, 2017 ഏപ്രിൽ 1 മുതൽ രണ്ട് അസി. എഞ്ചിനീയർമാർ, ഒരു ഒന്നാം തരം ഓവർസിയർ, ഒരു മൂന്നാം തരം ഓവർസിയർ എന്നിവർ തൃശ്ശൂർ കോർപ്പറേഷനിലെ LSGD എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജോലി ചെയ്തു വരുന്നുവെന്നും ഇവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും തൃശ്ശൂർ കോർപ്പറേഷനിൽ നിന്നുമാണ് നല്കി വരുന്നതെന്നും ഈ ജീവനക്കാർ തസ്വഭ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ബന്ധപ്പെട്ട തസ്തികയ്ക്ക് യോഗ്യത ഉള്ളവരാണെന്നും ചീഫ് എഞ്ചിനീയർ ഈ വിഷയത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിർത്തലാക്കിയ അതോറിറ്റികളിലെ ടെക്നിക്കൽ സ്റ്റാഫിനെ, വികസന അതോറിറ്റികളെ LSGD എൻജിനിയറിങ്ങ് വിഭാഗത്തിൽ ലയിപ്പിച്ച തീയതി പ്രാബല്യത്തിലോ അല്ലെങ്കിൽ അവർ LSGD എൻജിനിയറിങ്ങ് വിഭാഗത്തിൽ റിപ്പോർട്ട് ചെയ്ത തീയതി പ്രാബല്യത്തിലോ LSGD എഞ്ചിനീയറിംഗ് വിഭാഗത്തിലെ നിലവിലുള്ള സമാനതസ്തികകളിൽ ഏറ്റവും ജൂനിയറായി പരിഗണിച്ച് സീനിയോറിറ്റി നിശ്ചയിക്കുന്നതിന് ഉപോൽബലകമായ പൊതു വ്യവസ്ഥകളോ ഉത്തരവുകളോ നിലവിലില്ല. അതിനാൽ അതോറിറ്റി ജീവനക്കാരെ LSGD എഞ്ചിനീയറിംഗ് വിഭാഗത്തിലെ നിലവിലുള്ള ജീവനക്കാരുടെ സ്കീമിൽപ്പെടുത്തി സീനിയോറിറ്റി നൽകുന്നത് വിവിധ തലത്തിൽ കോടതി വ്യവഹാരങ്ങൾക്കിടയുണ്ടാക്കുമെന്നും കാണുന്നു. വികസന അതോറിറ്റികളിൽ നിന്നും LSGD എഞ്ചിനീയറിംഗ് വിഭാഗത്തിൽ Merge ചെയ്യപ്പെട്ട ടെക്നിക്കൽ സ്റ്റാഫിനെ LSGD എൻജിനിയറിങ്ങ് സർവ്വീസിൽ എപ്രകാരമാണ് നിലനിർത്തേണ്ടതെന്നത് സംബന്ധിച്ച് KTCP (Development Authorities) Rules 2015 ലെ വ്യവസ്ഥകൾ പരിശോധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ രൂപീകരിച്ചെങ്കിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

മേൽ സാഹചര്യത്തിൽ, നിർത്തലാക്കിയ തൃശ്ശൂർ വികസന അതോറിറ്റിയിലെ ജീവനക്കാരെ തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ലയിപ്പിക്കണമെന്ന ആവശ്യം നിലവിൽ പരിഗണിക്കാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ, ശ്രീമതി.ഷീജാ ജോർജ്ജ് സമർപ്പിച്ച Annexure A6 അപേക്ഷ നിരസിച്ചും അപ്രകാരം പരാമർശം 1-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1.ശ്രീമതി.ഷീജാ ജോർജ്ജ്, ഒന്നാം തരം ഓവർസിയർ & others (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന).
2.അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം.
3.ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4.അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
5.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6.വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7.കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

**Signed by Sreekanth G**
**Date: 30-05-2022 18:53:12**

സെക്ഷൻ ഓഫീസർ